**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2057** **09-02-2023 - ൽ മറുപടിയ്ക്ക്**

**അശ്ലീല വീഡിയോകൾ പങ്കുവെച്ചവർക്കെതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സ്ത്രീകളുടെ അശ്ലീല വീഡിയോകൾ സൂക്ഷിച്ചതിന് ആലപ്പുഴ ജില്ലയിലെ രാഷ്ട്രീയ നേതാവിനെതിരെ നടപടി എടുക്കുന്നതിനായി ചേർന്ന യോഗത്തിൽ പ്രസ്തുത വ്യക്തി കുറ്റക്കാരനാണെന്ന് ബോധ്യപ്പെടുത്തുന്നതിന് വേണ്ടി മറ്റ് രാഷ്ട്രീയ നേതാക്കളുമായി പ്രസ്തുത വീഡിയോ പങ്കുവെച്ചുവെന്ന മാധ്യമ വാർത്ത ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ പ്രസ്തുത വീഡിയോ പങ്കുവെച്ചവർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | ആലപ്പുഴ ജില്ലാ ക്രൈം ബ്രാഞ്ച് DySP പ്രസ്തുത സംഭവം സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി വരുന്നു. |
| (ബി) | ശ്രീമതി ജെബി മേത്തർ എം.പി., ഡി.ജി.പി ക്ക് നൽകിയ പരാതിയിൻമേൽ മേൽപ്പറഞ്ഞ രാഷ്ട്രീയ നേതാവിനെതിരെ കേസെടുത്തിട്ടുണ്ടോ; എങ്കിൽ നാളിതുവരെ എന്തൊക്കെ നടപടി സ്വീകരിച്ചു; കേസെടുത്തിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) | (എ) യിൽ ചേർത്തിട്ടുണ്ട്. |
| (സി) | രാഷ്ട്രീയ പാർട്ടി പ്രവർത്തകരും നേതാക്കളും ക്രിമിനൽ കുറ്റങ്ങൾക്ക് ആരോപണ വിധേയരാകുമ്പോൾ ക്രിമിനൽ നടപടി ചട്ടം അനുസരിച്ചുള്ള നടപടി സ്വീകരിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ മേൽപ്പറഞ്ഞ വ്യക്തിക്കെതിരെ അടിയന്തരമായി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുമോയെന്ന് വിശദമാക്കാമോ? | (സി) | ഇല്ല. പരാതിയിൽ അന്വേഷണം നടന്നു വരികയാണ്. |

സെക്ഷൻ ഓഫീസർ